പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2211 08.12.2015-ൽ മറുപടിയ്ക്ക്

# കെ. എസ്. ഇ. ബി. പെൻഷൻ ഫണ്ട് രൂപീകരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി. പെൻഷൻ ഫണ്ടിൽ നാളിതുവരെ സർക്കാർ വിഹിതമായും കമ്പനി വിഹിതമായും എത്ര തുക നിക്ഷേപിച്ചിട്ടുണ്ട് ; | (എ) കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി പ്രകാരം രൂപീകരിക്കേണ്ട പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള മാസ്റ്റർട്രസ്റ്റ് 12.02.2015 ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 31.10.2013 വരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സർവ്വീസിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ നിറവേറ്റുന്നതിന് 12,419 കോടി രൂപ ആവശ്യമാണെന്നാണ് ആക്ച്യൂറിയൽ വാല്യൂവേഷൻ പ്രകാരം തിട്ടപ്പെടുത്തിയിട്ടുള്ളത്. 28.01.2015-ലെ സർക്കാർ ഉത്തരവനുസരിച്ച് മേൽ തുകയിൽ 5,861 കോടി രൂപ കേരള സർക്കാർ വിഹിതമായിരിക്കുന്നതും ആയത് 31.10.2013 മുതലുള്ള 10 വർഷം കെ.എസ്.ഇ.ബി. ലിമിറ്റഡ് കേരള സർക്കാരിന് നൽകേണ്ടതായ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ തട്ടിക്കിഴിക്കുന്നതുമാണ്. കൂടാതെ 01.04.2008 മുതൽ 31.03.2012 വരെയുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടിയായ 1522.53 കോടി രൂപ പെൻഷൻ ഫണ്ടിനായി വിനിയോഗിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമേ കൈമാറ്റ പദ്ധതി പ്രകാരം 524 കോടി രൂപ ബഡ്ജറ്ററി അലോക്കേഷൻ മൂലം പത്ത് വാർഷിക ഗഡുക്കളായി കേരള സർക്കാർ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുമെന്ന് ഉത്തരവായിട്ടുള്ളതും അതിൽ 119.80 കോടി രൂപ സർക്കാർ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകിയിട്ടുള്ളതുമാണ്. പെൻഷൻ ഫണ്ടിന്റെ ബാധ്യത നിറവേറ്റുന്നതിലേയ്ക്കായി 11,895 കോടി രൂപയ്ക്കുള്ള രണ്ട് കടപത്രങ്ങൾ കെ.എസ്.ഇ.ബി. |

ലിമിറ്റഡ് മാസ്റ്റർ ട്രസ്റ്റിന് നൽകുന്നതിനായുള്ള നടപടികളെടുത്തു വരുന്നു.

(ബി) മുൻകാലങ്ങളിൽ വൈദ്യുതി ബോർഡിൽ നിലനിന്നിരുന്ന പെൻഷൻ രീതി പുന:സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(ബി) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിലെ 131 (2)-ാം വകുപ്പു പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് മുൻ കെ. എസ്. ഇ. ബി. യുടെ ആസ്തി-ബാദ്ധ്യതകൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കി ക്കൊണ്ട് സർക്കാർ, കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൈമാറ്റ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതും സർക്കാരും, കെ. എസ്. ഇ. ബി. ലിമിറ്റഡും ജീവനക്കാരും ഏർപ്പെട്ട ത്രികക്ഷി കരാറിൽ അംഗീകരിക്കപ്പെട്ടതുമായ മാസ്റ്റർ ട്രസ്റ്റ് മുഖേനയുള്ള പെൻഷൻ രീതി മാത്രമേ നിയമപരമായി നടപ്പിലാക്കാൻ കഴിയൂ.

സെക്ഷൻ ഓഫീസർ.